(സി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർക്ക് യു.എൻ.എഫ്.പി.എ.യുടെ ആഭിമുഖ്യത്തിൽ മോപ്പഡ് നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്.

(ബി)&(സി) ആയിരത്തോളം പേർക്ക് അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള മേൽനടപടികൾ പൂർത്തിയായിവരികയാണ്.

172 (2358) തിരുവനന്തപുരം ഡി.എം.ഒ.യിൽ പ്യൂൺമാരുടെ സ്ഥലം മാറ്റം

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡി.എം.ഒ. 9.6.1999-ലെ എ2-329/99 ഡി.എം.ഒ.എച്ച്. എന്ന ഉത്തരവ് പ്രകാരം എത്ര പ്യൂൺമാരെ സ്ഥലംമാറ്റിയിട്ടുണ്ട്;

(ബി) സ്കൂൾ വർഷം ആരംഭിച്ചതിനുശേഷം സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടില്ലാത്തവരെ സ്ഥലംമാറ്റിയതുകാരണം അവർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് റദ്ദ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഒരേ കോമ്പൗണ്ടിലുള്ള രണ്ട് ഓഫീസുകളിലേക്ക് പരസ്പരം ആരെയെങ്കിലും സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 17 പ്യൂൺമാരെ സ്ഥലംമാറ്റിയിട്ടുണ്ട്.

(ബി)&(സി) 17 പേരെ സ്ഥലംമാറ്റിയതിൽ 3 പേർ സ്ഥലംമാറ്റത്തിനെതിരായി അപ്പീൽ പെറ്റീഷൻ സമർപ്പിക്കുകയുണ്ടായി. സ്കൂൾ വർഷം ആരംഭിച്ചതിനുശേഷം സ്ഥലം മാറ്റിയതു കാരണം ബുദ്ധിമുട്ടുകൾ ഉണ്ടായതായി പരാതിപ്പെട്ടിട്ടില്ല എന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവരിൽ 2 പേർക്ക് അവരുടെ പരാതിയിൻ പ്രകാരം അനുകൂല സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

173 (2359) തൊടുപുഴ താലൂക്ക് ആശുപത്രിയെ സംബന്ധിച്ച ഫയൽ

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്ക് ആശുപത്രിയിൽ 150 ബഡ്ഡിന്റെ പുതിയ ബ്ലോക്ക് സംബന്ധിച്ച് ഡി 5/211/94 എന്ന ഫയലിൽ ഇതുവരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും പ്രസ്തുത നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ബ്ലോക്ക് നിർമ്മാണത്തിന് ഭരണാനുമതിയും പ്രത്യേക അനുമതിയും നൽകിയ തീയതികളും അവയുടെ നമ്പരുകളും അറിയിക്കുമോ;

(സി) പ്രസ്തുത 150 ബഡ്ഡിന്റെ ബ്ലോക്ക് സർക്കാർ ടെണ്ടർ ചെയ്തത് എന്നാണ്; ഇതിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയതിനു ശേഷം ടെണ്ടർ ചെയ്യുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൊടുപുഴ താലൂക്കാശുപത്രിയിൽ 150 കിടക്കകളോടുകൂടിയ ബ്ലോക്കിന്റെ ഒരു നിലയുടെ പണി പൂർത്തിയായി. ബാക്കി പണികൾ നടന്നു കൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത ബ്ലോക്ക് നിർമ്മാണത്തിന് ഭരണാനുമതി നൽകിയത് 18.10.1995-ലെ ജി.ഒ.(ആർ.ടി.) നമ്പർ 3855/95/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരമാണ്. 28.8.1997-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി.) 3284/97/ആ.കു.വ. പ്രകാരം പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

(സി) ടി പ്രവൃത്തി 18.9.1998-ൽ ടെണ്ടർ ചെയ്തു. കാലതാമസം ഉണ്ടായിട്ടില്ല.

174 (2360) ആരോഗ്യവകുപ്പിലെ ഫയലിൽ സ്വീകരിച്ച നടപടി

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ സി. 10537/93 തീയതി 7.6.1994 എന്ന ഫയലിൽ ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ തുടർ നടപടികൾ ഏതെല്ലാം തീയതികളിൽ ഉണ്ടായി എന്നും ഇപ്പോൾ പ്രസ്തുത ഫയലിൽ നടപടി ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ)&(ബി) ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഏത് ഓഫീസിലെ ഫയലിന്റെ കാര്യമാണ് ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല. സെക്രട്ടേറിയറ്റിലെ ആരോഗ്യവകുപ്പിൽ ഇങ്ങനെയൊരു ഫയൽ ഉള്ളതായി ക്കാണുന്നില്ല.

175 (2361) അമ്പലവയൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിലെ അമ്പലവയൽ പ്രാഥമികാരോഗ്യകേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

അമ്പലവയൽ പി.എച്ച്.സി. ബ്ലോക്കുതല പി.എച്ച്.സി. അല്ല. ബ്ലോക്കുതല പി.എച്ച്.സി.കളുടെ സ്റ്റാഫും സൗകര്യങ്ങളും ഉള്ള ആശുപത്രി

LIBRARY ARCHIVES Kerala Legislative Assembly